# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1904 | **04.11.2019** - ൽ മറുപടിക്ക് |
|---|---|

## നവകേരള നിർമ്മിതിയ്ക്കായി ചെലവാക്കിയ തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സി.ജോസഫ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | നവകേരള നിർമ്മാണ പദ്ധതിയിൽ ഇതിനോടകം ഏതെല്ലാം പദ്ധതികൾക്ക് അനുമതി നൽകിയെന്നും അതിന് എത്ര കോടി രൂപ അനുവദിച്ചുവെന്നും എത്രകോടി ചെലവാക്കിയെന്നും വെളിപ്പെടുത്തുമോ? | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവ വിവിധ വകുപ്പുകൾ സമർപ്പിച്ച പദ്ധതികൾ പരിഗണിച്ചു വരുന്നു. ചുവടെ പറയുന്ന പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് 13/08/2019-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.<br>1.പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള 31 റോഡുകളുടെ പുനർനിർമാണത്തിനായി നടപ്പുസാമ്പത്തികവർഷം 300 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)<br>2.തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ എട്ടു ജില്ലകളിലായി 603.74 കിലോമീറ്റർറോഡുകളുടെ പുനർനിർമാണത്തിന് 488 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്) |

| | | |
|---|---|---|
| | | 3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്കു കുറുകെ പുതിയ ടു ലെയിൻ പാലം നിർമിക്കുന്നതിനുള്ള 30 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.<br>4. വനംവകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്നു പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം.<br>5.മത്സ്യബന്ധന വകുപ്പിന്റെ കൂട് മൽസ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.<br>(3 മുതൽ 5 വരെ പദ്ധതികൾക്ക് വിശദമായ റിപ്പോർട്ട് ലഭിച്ചതിനു ശേഷം ഭരണാനുമതി)<br>ഇതിനു പുറമെ ജലവിഭവം, തദ്ദേശ സ്വയംഭരണം, കൃഷി, മൃഗപരിപാലനം, റവന്യൂ തുടങ്ങിയ വിവിധ വകുപ്പുകളുടെ പദ്ധതികൾ അംഗീകാരത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. നിലവിൽ പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടില്ല. |

(signature)

**സെക്ഷൻ ഓഫീസർ**